REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 25-07-2025** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- **പ്രതിപക്ഷ ബഹളത്തെ തുടർന്ന് ലോക്സഭയും രാജ്യസഭയും അഞ്ചാം ദിവസവും തടസ്സപ്പെട്ടു.**
- **പ്രധാനമന്ത്രി നരേന്ദ്രമോദി രണ്ടു ദിവസത്തെ സന്ദർശനത്തിന് മാൽദീവ്സിൽ എത്തി. പ്രസിഡന്റ് മുഹമ്മദ് മൊയ്സുവുമായി പ്രധാനമന്ത്രി ഇന്ന് ഉഭയകക്ഷി ചർച്ച നടത്തും.**
- **കണ്ണൂർ സെൻട്രൽ ജയിലിൽ നിന്ന് പുലർച്ചെ തടവു ചാടിയ സൗമ്യ വധക്കേസിലെ പ്രതി ഗോവിന്ദച്ചാമിയെ പിടികൂടി.**
- **സ്കൂൾ സമയമാറ്റ വിഷയത്തിൽ വിവിധ സംഘടനകളുമായി മന്ത്രി V ശിവൻകുട്ടി വൈകിട്ട് നാലരയ്ക്ക് ചർച്ച നടത്തും.**
- **സംസ്ഥാനത്ത് ഇന്നും വ്യാപക മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്.**
- **മലബാർ റിവർ ഫെസ്റ്റിവലിന് ചാലിപുഴയിൽ തുടക്കമായി. പുഴയിലെ ജല നിരപ്പ് കൂടിയതിനെ തുടർന്ന് മത്സര ഷെഡ്യൂളിൽ മാറ്റം വരുത്തിയിട്ടുണ്ട്.**

## വാർത്തകൾ വിശദമായി

പ്രതിപക്ഷ ബഹളത്തെ തുടർന്ന് ഇന്ന് തുടർച്ചയായ അഞ്ചാം ദിവസവും ലോക്സഭയും രാജ്യസഭയും തടസ്സപ്പെട്ടു. ലോക്സഭ ഉച്ചകഴിഞ്ഞ് രണ്ട് വരെ നിർത്തിവെച്ചു.

രാജ്യസഭ ഇനി തിങ്കളാഴ്ച രാവിലെ 11നേ സമ്മേളിക്കൂ.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി രണ്ടു ദിവസത്തെ സന്ദർശനത്തിന് മാൽദീവ്സിൽ എത്തി. ഇന്ത്യ- മാൽദീവ്സ് നയതന്ത്ര ബന്ധങ്ങളുടെ അറുപതാം വാർഷികാഘോഷ വേളയിലാണ് സന്ദർശനം.

മാൽദീവ്സ് പ്രസിഡണ്ട് ഡോ. മുഹമ്മദ് മൊയ്സു, വെലാന അന്താഷ്ട്ര വിമാനത്താവളത്തിൽ നേരിട്ടെത്തി നരോന്ദ്രമോദിയെ സ്വീകരിച്ചു. ഇന്ന് മുഹമ്മദ് മൊയ്സുവുമായി പ്രധാനമന്ത്രി ഉഭയകക്ഷി ചർച്ച നടത്തും. ഇരുരാജ്യങ്ങൾക്കുമിടയിലെ സമഗ്ര - സാമ്പത്തിക- കടൽ സുരക്ഷാ പങ്കാളിത്തം മാൽദീവ്സ് പ്രസിഡണ്ടുമായി നരേന്ദ്രമോദി വിലയിരുത്തും. മാൽദീവ്സിന്റെ അറുപതാം സ്വാതന്ത്ര്യദിനാഘോഷത്തിൽ മുഖ്യാതിഥിയായും അദ്ദേഹം പങ്കെടുക്കും. സന്ദർശന വേളയിൽ ഏതാനും ധാരണാപത്രങ്ങളും, കരാറുകളും ഒപ്പുവെയ്ക്കും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ മുതൽ രണ്ട് ദിവസം തമിഴ്നാട് സന്ദർശിക്കും. UK, മാലിദ്വീപ് സന്ദർശനം പൂർത്തിയാക്കി തിരിച്ചെത്തിയ ശേഷം അദ്ദേഹം തമിഴ്നാട്ടിലേക്ക് യാത്ര തിരിക്കും.

നാളെ രാത്രി തൂത്തുക്കുടിയിൽ നാലായിരത്തി എണ്ണൂറ് കോടിയിലധികം രൂപയുടെ വികസന പദ്ധതികൾ പ്രധാനമന്ത്രി രാഷ്ട്രത്തിന് സമർപ്പിക്കും.

✪✪✪

തുടർച്ചയായി ഏറ്റവും നീണ്ട കാലം പ്രധാനമന്ത്രി പദവിയിൽ തുടരുന്ന രണ്ടാമത്തെയാൾ എന്ന ബഹുമതിയ്ക്ക് നരേന്ദ്രമോദി അർഹനായി. 4,077 ദിവസം ഭരണത്തിലിരുന്ന ഇന്ദിരാഗാന്ധിയെ പിന്തള്ളിയാണ് നരേന്ദ്രമോദി ഇന്ന് 4,078 ദിവസത്തേക്ക് കടന്നതെന്ന് കേന്ദ്രമന്ത്രി കിരൺ റിജിജു എക്സ് പോസ്റ്റിൽ കുറിച്ചു.

വിശാല കാഴ്ചപ്പാടോടെ ഭാരതത്തിന്റെ ജനാധിപത്യ യാത്രയിൽ സേവന മനോഭാവത്തോടെ ജനവിശ്വാസം നേടിയെടുത്ത നേതാവാണ് നരേന്ദ്രമോദിയെന്ന് അദ്ദേഹം കുറിച്ചു. ഗുജറാത്തിൽ നിന്നാരംഭിച്ച നരേന്ദ്രമോദിയുടെ ഭരണയാത്രയ്ക്ക് 24 വർഷം പൂർത്തിയായെന്നും കിരൺ റിജിജു പോസ്റ്റിൽ പറഞ്ഞു. 2002 മുതൽ 2024 വരെ ആറു തവണ തുടർച്ചയായ വിജയം നരേന്ദ്രമോദിയുടെ ഭരണ പാടവത്തിന് തെളിവാണെന്നും റിജിജു അറിയിച്ചു.

✪✪✪

ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിന്റെ റിട്ടേണിംഗ് ഓഫീസറായി രാജ്യസഭാ സെക്രട്ടറി ജനറൽ പ്രമോദ് ചന്ദ്രമോദിയെ തിരഞ്ഞെടുപ്പ് കമ്മീഷൻ നിയമിച്ചു. അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസർമാരായി രാജ്യസഭാ സെക്രട്ടേറിയറ്റിലെ ജോയിന്റ് സെക്രട്ടറി ഗരിമ ജെയ്നെയും, ഡയറക്ടർ വിജയ് കുമാറിനെയും നിയമിച്ചിട്ടുണ്ട്.

✪✪✪

രാജ്യത്തെ പ്രധാന തുറമുഖങ്ങളുടെ കണ്ടെയ്നർ ശേഷി 70 ശതമാനത്തോളം വർദ്ധിച്ചിട്ടുണ്ടെന്ന് കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ പറഞ്ഞു. ഗവൺമെന്റ് നയങ്ങളുടെയും മെർച്ചന്റ് ഷിപ്പിംഗ് ബിൽ, കോസ്റ്റൽ ഷിപ്പിംഗ് ബിൽ തുടങ്ങിയ പരിഷ്ക്കരണങ്ങളുടെയും ഭാഗമായാണ് ഉയർച്ചയുണ്ടായതെന്നും സോനോവാൾ പറഞ്ഞു.

✪✪✪

26-ാമത് കർഗിൽ വിജയ് ദിവസ് ആഘോഷങ്ങൾക്ക് ദ്രാസിൽ തുടക്കമായി. 1999 ലെ കർഗിൽ യുദ്ധത്തിൽ ജീവത്യാഗം ചെയ്തവരെ അനുസ്മരിക്കുന്നതടക്കം പരിപാടികൾ നടത്തും. കർഗിൽ യുദ്ധത്തിൽ ഇന്ത്യൻ സായുധ സേനയുടെ ത്യാഗത്തെ അനുസ്മരിക്കാനാണ് കർഗിൽ വിജയ് ദിവസ് ആചരിക്കുന്നത്.

രാജ്യത്തിന്റെ അഭിമാനവും ഇന്ത്യൻ സൈനികരുടെ ആത്മാവിനെയും പ്രതീകപ്പെടുത്തുന്ന സോജില യുദ്ധ സ്മാരകത്തിൽ ദേശീയ പതാക സ്ഥാപിച്ചാണ് ദിനാചരണത്തിന് തുടക്കമിട്ടത്. .

✪✪✪

പാർലമെന്റിൽ 200 ഡാറ്റ എൻട്രി ഓപ്പറേറ്റർമാരുടെ ജോലി ഒഴിവുണ്ടെന്ന തരത്തിൽ സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്ന സന്ദേശങ്ങൾ വ്യാജമാണെന്ന് കേന്ദ്രഗവണ്മെന്റ് അറിയിച്ചു. ഇത്തരമൊരു അറിയിപ്പ് പുറത്തിറക്കിയിട്ടില്ലെന്നും സാമ്പത്തിക തട്ടിപ്പുകൾക്ക് ഇരയാവാതിരിക്കാൻ ജാഗ്രത പാലിക്കണമെന്നും അധികൃതർ അറിയിച്ചു.

✪✪✪

കണ്ണൂർ സെൻട്രൽ ജയിലിൽ നിന്ന് തടവു ചാടിയ സൗമ്യ വധക്കേസിലെ പ്രതി ഗോവിന്ദച്ചാമിയെ പിടികൂടി. കണ്ണൂർ തളാപ്പിനു സമീപം ആൾത്താമസമില്ലാത്ത വീട്ടിലെ കിണറിനുള്ളിൽ നിന്നാണ് ഇയാളെ കണ്ടെത്തിയത്-

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O ശശിധരൻ.

(വോയ്സ് .............. )

ജയിൽ DGP ബൽറാംകുമാർ ഉപാധ്യായ ഇന്ന് കണ്ണൂർ സെൻട്രൽ ജയിൽ സന്ദർശിക്കാൻ ഇരിക്കവെയായിരുന്നു ഗോവിന്ദച്ചാമി ജയിൽ ചാടിയത്. ജയിൽ DGP സെൻട്രൽ ജയിൽ സന്ദർശനത്തിനായി ഇന്നലെ തന്നെ കണ്ണൂരിൽ എത്തിച്ചേർന്നിരുന്നു. ജയിൽ DGP യുടെ സന്ദർശനത്തിനുള്ള ഒരുക്കങ്ങൾ നടക്കുന്നതിനിടയിലാണ് സെൻട്രൽ ജയിലിൽ അത്യന്തം സുരക്ഷാവീഴ്ച്ച ഉണ്ടായത്.

✪✪✪

പൊലീസ് പിടികൂടിയ ഗോവിന്ദചാമിയെ കണ്ണൂർ ജില്ലാ ആശുപത്രിയിൽ എത്തിച്ച് വൈദ്യ പരിശോധന നടത്തി. ഇയാളെ പിന്നീട് കോടതിയിൽ ഹാജരാക്കാൻ കൊണ്ടു പോയി.

✪✪✪

ഗോവിന്ദച്ചാമി ജയിൽ ചാടിയ സംഭവത്തിൽ കുറ്റക്കാരായ ജയിൽ ജീവനക്കാർക്കെതിരെ ജയിൽ വകുപ്പ് കർശന നടപടിയെടുക്കണമെന്ന് KPCC പ്രസിഡണ്ട് സണ്ണി ജോസഫ് ആവശ്യപ്പെട്ടു. കണ്ണൂർ DCC ഓഫിസിൽ വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

CPIM കാരായ തടവുപുള്ളികളുടെ പിടിയിലാണ് കണ്ണൂർ സെൻട്രൽ ജയിൽ ഉദ്യോഗസ്ഥരെന്നും ജയിൽ ചാട്ടവും, നിയമലംഘനങ്ങളും അവിടെ പതിവാകുകയാണെന്നും അദ്ദേഹം കുറ്റപ്പെടുത്തി, ഗോവിന്ദച്ചാമിയുടെ ജയിൽ ചാട്ടം ജയിൽ വകുപ്പിന്റെ പരാജയമാണ് കാണിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. നാട്ടുകാർ മുന്നിട്ടിറങ്ങിയതു കൊണ്ടാണ് ഗോവിന്ദച്ചാമിയെ പിടികൂടാൻ കഴിഞ്ഞതെന്നും സണ്ണി ജോസഫ് പറഞ്ഞു.

✪✪✪

സ്കൂൾ സമയമാറ്റ വിഷയത്തിൽ വിവിധ സംഘടനകളുമായി മന്ത്രി V ശിവൻകുട്ടി വൈകിട്ട് നാലരയ്ക്ക് ചർച്ച നടത്തും. തിരുവനന്തപുരത്ത് മന്ത്രിയുടെ ചേമ്പറിലാണ് ചർച്ച.

✪✪✪

സംസ്ഥാനത്തെ സ്കൂൾ സമയമാറ്റത്തിൽ സംഘടിത മതസംഘടനകൾക്ക് വഴങ്ങിയാൽ ഗവൺമെന്റ് ശക്തമായ പ്രതിഷേധം നേരിടേണ്ടി വരുമെന്ന് BJP സംസ്ഥാന ജനറൽ സെക്രട്ടറി S സുരേഷ് അറിയിച്ചു. ഇന്ന് വൈകിട്ടത്തെ

ചർച്ചയിൽ ഗവൺമെന്റ് ഇക്കാര്യത്തിൽ  ശക്തമായ നിലപാട് എടുക്കണമെന്ന് അദ്ദേഹം തിരുവനന്തപുരത്ത് ആവശ്യപ്പെട്ടു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്" ഈ മാസം 27 ന് രാവിലെ 11 മണിക്ക് പ്രക്ഷേപണം ചെയ്യും.

പരിപാടിയുടെ 124 -ാം പതിപ്പാണിത്. പൊതുജനങ്ങൾക്ക് നരേന്ദ്ര മോദി ആപ്പിലും MyGov ഓപ്പൺ ഫോറത്തിലും, ടോൾ ഫ്രീ നമ്പറിലും ഇന്ന് കൂടി അഭിപ്രായങ്ങളും ആശയങ്ങളും അറിയിക്കാവുന്നതാണ്.

✪✪✪

സംസ്ഥാനത്ത് ഇന്നും വ്യാപക മഴയ്ക്ക് സാധ്യതയുണ്ടെന്ന്  കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.        കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും മറ്റ് ജില്ലകളിൽ മഞ്ഞ ജാഗ്രതയുമാണ്.

കേരള, കർണാടക, ലക്ഷദ്വീപ് തീരത്ത് ശക്തമായ കാറ്റിന് സാധ്യതയുണ്ടെന്നും മീൻപിടിത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

ഇന്ത്യ- ഇംഗ്ലണ്ട് നാലാം ക്രിക്കറ്റ് ടെസ്റ്റിൽ രണ്ടാം ദിവസമായ ഇന്നലെ ഇംഗ്ലണ്ട് ആദ്യ ഇന്നിംഗ്സിൽ രണ്ട് വിക്കറ്റിന് 225 റൺസെടുത്തു. ഒന്നാം ഇന്നിംഗ്സിൽ 358 റൺസിന് ഇന്ത്യ പുറത്തായിരുന്നു. ഇന്ന് വൈകിട്ട് ഇന്ത്യൻ സമയം മൂന്നരയ്ക്ക് മൂന്നാം ദിവസത്തെ കളി ആരംഭിക്കും.

✪✪✪

ഏഷ്യയിലെ ഏറ്റവും വലിയ വൈറ്റ് വാട്ടർ കയാക്കിങ് ചാമ്പ്യൻഷിപ്പിന് കോടഞ്ചേരി പഞ്ചായത്തിലെ ചാലിപ്പുഴയിൽ തുടക്കമായി. കേരള ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ കേരള അഡ്വെഞ്ചർ ടൂറിസം പ്രമോഷൻ സൊസൈറ്റി, ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ, ത്രിതല പഞ്ചായത്തുകൾ എന്നിവ ഇന്ത്യൻ കയാക്കിങ് ആൻഡ് കനോയിങ് അസോസിയേഷന്റെ സാങ്കേതിക സഹായത്തോടെയാണ് റിവർ ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നത്. ചാലിപുഴയിലെ ജല നിരപ്പ് കൂടിയതിനെ തുടർന്ന്  കയാക്കിങ് മത്സര ഷെഡ്യൂളിൽ മാറ്റം വരുത്തിയിട്ടുണ്ട്.

ഇരിവഴിഞ്ഞിപ്പുഴയിലും ചാലിപ്പുഴയിലുമായി ഞാറാഴ്ച വരെയാണ് ചാമ്പ്യൻഷിപ്പ്. മത്സരത്തിന്റെ ഔപചാരിക ഉദ്ഘാടനം ലിന്റോ ജോസഫ് MLA നിർവഹിച്ചു.

✪✪✪

ഫിഡെ വനിതാ ലോകകപ്പ് ചെസ് ഫൈനലിൽ രണ്ട് ഇന്ത്യൻ താരങ്ങൾ ഏറ്റുമുട്ടും. ഇന്നലെ രണ്ടാം സെമി ടൈബ്രേക്കറിൽ ചൈനീസ് താരത്തെ തോൽപ്പിച്ച് ഇന്ത്യയുടെ ദിവ്യ ദേശ്മുഖ് ഫൈനലിലെത്തി. കൊനേരു ഹംപി നേരത്തെ ഫൈനൽ ബർത്ത് നേടിയിരുന്നു.

✪✪✪

കാറിൽ കടത്താൻ ശ്രമിച്ച ആറ് കിലോയിലേറെ കഞ്ചാവുമായി ഒരാൾ ഇടുക്കി അടിമാലിയിൽ നർക്കോട്ടിക് എൻഫോഴ്സ്മെന്റ് സ്ക്വാഡിന്റെ പിടിയിലായി. കോതമംഗലം എരമല്ലൂർ സ്വദേശി അബ്ബാസാണ് കഞ്ചാവും വാഹനവുമായി അറസ്റ്റിലായത്.

✪✪✪

സ്വർണ്ണവില കുറഞ്ഞു. പവന് 360 രൂപ കുറഞ്ഞ് 73,680 രൂപയിലെത്തി. ഗ്രാമിന് 45 രൂപ കുറഞ്ഞ് 9,210 രൂപയാണ് ഇന്നത്തെ വില.

✪✪✪

---

*News Editor : അനിൽ ചന്ദ്രൻ*
*News Reader:ശ്രീജി മോൾ*
*NRTs: നിമിഷ ജി*
*DEO : ഷീബ*